**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2161** **20-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ ഡിജിറ്റൽ എക്സ്റേ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | പട്ടാമ്പി താലൂക്ക് ആശുപത്രിയിലേക്ക് 2016 - 17 വർഷം പട്ടാമ്പി മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ഇനിയും ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും ഡിജിറ്റൽ എക്സ്റേ വാങ്ങാനുള്ള തുക പൊതുമരാമത്ത് വകുപ്പിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുമെന്ന് അറിയിച്ചിരുന്നുവെങ്കിലും തുക ലഭ്യമായിരുന്നില്ല. അതിനാൽ ഉപകരണത്തിന് വിതരണ ഉത്തരവ് നല്കാൻ സാധിച്ചിട്ടില്ല. |
| (ബി) | കെ.എം.സി.എൽ വഴി പർച്ചേസ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഈ യൂണിറ്റ് ലഭിക്കുന്നതിന് കെ.എം.സി.എല്ലിനു അഡ്വാൻസ് തുക നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആസ്തിവികസന ഫണ്ടിൽ നിന്നും അഡ്വാൻസ് തുക നൽകാൻ കഴിയുമോ; നടപടി ക്രമങ്ങൾ വിശദമാക്കാമോ; | (ബി) | KMSCL മുഖേനയുള്ള പർച്ചേസിന് മുൻകൂർ തുക നൽകേണ്ടതുണ്ട്. 2016-17 ആസ്തി വികസന പദ്ധതി ഫണ്ടായതിനാൽ ഫിനാൻസ് വകുപ്പിന്റെ പ്രത്യേക ഉത്തരവ് പ്രകാരം KMSCL ന് മുൻകൂർ തുക അനുവദിക്കേണ്ടതായി വരും. KMSCL ലിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) നോഡൽ സെന്റർ- സി ക്ക് KMSCL-ലേക്ക് മുൻകൂർ തുക അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകി കൊണ്ട് ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ലഭ്യമാക്കേണ്ടതുണ്ട്. |
| (സി) | സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി കൊണ്ട് അടിയന്തിരമായി ഡിജിറ്റൽ എക്സ്റേ യൂണിറ്റ് എത്രയും പെട്ടെന്ന് തന്നെ ആശുപത്രിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഡിജിറ്റൽ എക്സ്റേ വാങ്ങാനുള്ള തുക അവിടുത്തെ പി.ഡബ്ല്യൂഡി യിൽ നിന്നും KMSCL ന് ലഭിയ്ക്കാത്തതിനാൽ ഉപകരണം സ്ഥാപിക്കുവാൻ സാധിച്ചില്ല. എന്നാൽ നിലവിലുള്ള എൻ.എച്ച്.എം ഫണ്ടിൽ നിന്നും ഒരു ഡിജിറ്റൽ എക്സ്റേ പട്ടാമ്പി താലൂക്ക് ആശുപത്രിയ്ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ